Malankara Orthodox Syrian Church
**Mar Gregorios Orthodox Christian Student Movement**
MGOCSM

P.B. No. 610, College Road
Kottayam-686 001, Kerala, India
www.mgocsm.in

**H.G. Dr. Abraham Mar Seraphim**
President

**MGOCSM/AMS/01/22**

കർത്താവിൽ പ്രീയ വൈദീകരെ, എം.ജി.ഒ.സി.എസ്.എം സീനിയർ പ്രവർത്തകരെ, വിദ്യാർത്ഥികളെ,

ദൈവകൃപയാൽ സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് ആയി പരിശുദ്ധ സുന്നഹദോസിന്റെ ശുപാർശ പ്രകാരം പരിശുദ്ധ ബാവാതിരുമേനി ബലഹീനനായ നമ്മെ നിയമിച്ച വിവരം നിങ്ങൾ എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച കാലയളവിൽ നിങ്ങൾ കാണിച്ച കരുതലും പിന്തുണയും തുടർന്നും നമ്മോടൊപ്പം ഉണ്ടാകുമെന്ന് കരുതുന്നു. യേശു ക്രിസ്തുവിനെ പുതിയ തലമുറക്കു മുമ്പിൽ അനുകരണീയമായ മാതൃകയായി വരച്ചു കാണിക്കുക എന്ന ശ്രമകരവും ശ്രേഷ്ഠവുമായ ഉദ്യമമാണല്ലോ വിദ്യാർത്ഥി പ്രസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്. 2022 മെയ് 2, 3 (തിങ്കൾ, ചൊവ്വ) ദിവസങ്ങളിൽ MGOCSM വിദ്യാർത്ഥി പ്രസ്ഥാന പ്രവർത്തകർക്കായി ഒരു നേതൃത്വ പരിശീലന ക്യാമ്പ് പരിശുദ്ധ സഭയുടെ ചുമതലയിൽ പ്രവർത്തിക്കുന്ന കുട്ടിക്കാനം മാർ ബസേലിയോസ് എഞ്ചിനിയറിംഗ് കോളേജിൽ (MBC) വച്ച് നടത്തപ്പെടുകയാണ്. MGOCSM സീനിയർ പ്രവർത്തകനും പ്രശസ്ത നേതൃത്വപരിശീലകനുമായ **ശ്രീ. മോൻസി വർഗീസ്** (National Trainer-Junior Chamber International) ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. നമ്മുടെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നുമുള്ള MGOCSM വൈസ് പ്രസിഡന്റുമാർ, ഭദ്രാസന സെക്രട്ടറിമാർ, തിരഞ്ഞെടുക്കപ്പെട്ട കമ്മറ്റി അംഗങ്ങളായ വിദ്യാർത്ഥികൾ അല്ലെങ്കിൽ ഭദ്രാസന കമ്മറ്റിയോ പ്രസിഡന്റ്/വൈസ് പ്രസിഡന്റ് ചുമതലപ്പെടുത്തിയ 4 വിദ്യാർത്ഥികൾ എന്നിവർക്ക് ക്യാമ്പിൽ പങ്കെടുക്കാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 130 പേർക്കു മാത്രമേ ക്യാമ്പിൽ പങ്കെടുക്കുവാൻ സാധിക്കൂ. ക്യാമ്പിനെ പറ്റിയുള്ള വിശദമായ വിവരങ്ങളും കാര്യപരിപാടികളും രജിസ്ട്രേഷൻ രീതികളും ജനറൽ സെക്രട്ടറി സർക്കുലർ മുഖേന അറിയിക്കുന്നതാണ്. ക്യാമ്പിനെ പറ്റിയുള്ള എല്ലാ വിവരങ്ങളും MGOCSM Official വെബ്സൈറ്റായ www.mgocsm.in ൽ ലഭ്യമാണ്. നിർബന്ധമായും എല്ലാ ഭദ്രാസനങ്ങളിൽ നിന്നുമുള്ള പ്രാതിനിധ്യം ഈ ക്യാമ്പിൽ ഉണ്ടാകണമെന്നത് നാം സ്നേഹപൂർവ്വം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും ആശയങ്ങളും marseraphim@gmail.com എന്ന ഈമെയിൽ അഡ്രസ്സിൽ എഴുതി അറിയിക്കുവാൻ ശ്രദ്ധിക്കുമല്ലോ. നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ബലഹീനനായ നമ്മെയും നമ്മുടെ വിദ്യാർത്ഥി പ്രാസ്ഥാനത്തെയും ഓർക്കേണമെ. എല്ലാവരുടെയും ക്ഷേമ ഐശ്വര്യങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട്

കർതൃശുശ്രൂഷയിൽ

ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത
പ്രസിഡന്റ്, മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ്
ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനം

2022 ഏപ്രിൽ 2ന്
കോട്ടയം MGOCSM സ്റ്റുഡന്റ്
സെന്ററിൽ നിന്നും